# മാരിവില്ലിന്റെ മന്ദസ്മിതം പോലെ

**രണ്ട്** കുതിരകൾ വണ്ടി വലിക്കുന്നു, ബുദ്ധിയാണ് തേരാളി എന്ന പ്ലാറ്റോയുടെ പ്രശസ്തമായ വാക്കുകളെ അനുസ്മരിപ്പിക്കുന്നതായിരുന്നു സി.ദാവൂദിന്റെ 'മഴവിൽലോകത്തെ ഇസ്‌ലാം.'

നാം എത്തിയേടത്തുതന്നെ അടിഞ്ഞുകൂടി അട്ടിപ്പേറായി നിൽക്കേണ്ടവരല്ലെന്നും ആവുന്നത്ര പുതിയ അറിവുകളും അന്വേഷണങ്ങളും ഉപയോഗിച്ച് കൂടുതൽ വേഗം കൂടുതൽ മുന്നോട്ട് കുതിക്കേണ്ടവരാണെന്നും ലേഖകൻ ഓർമപ്പെടുത്തുന്നു.

മലയാളത്തിൽ ഇത്തരം നിരീക്ഷണങ്ങൾ നേരത്തേ തന്നെയുണ്ട്. ബേപ്പൂർ സുൽത്താന്റെ 'ഉമ്മിണി വല്യൊന്ന്' പോലെ. 'സ്വാതന്ത്ര്യത്തിന്റെ ഭാരം' എന്ന കൃതിയിൽ ടി.കെ ഉബൈദ് ഈ 'സഹകരണ സമ്പർക്ക സമ്മേളന സിദ്ധാന്തം' മറ്റൊരു രൂപത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. ഒന്നും ഒന്നും പരസ്പരം സംഘട്ടനം നടത്തിയല്ല, സഹകരണത്തിലൂടെയാണ് രണ്ട് ഉണ്ടായതെന്ന് അതിൽ സമർഥിക്കുന്നുണ്ട്. എന്തുകൊണ്ടോ ഗുണപരമായ ചർച്ചയും സംവാദവും അതിൽ വേണ്ടത്ര നടന്നില്ലെന്നു മാത്രം.

ജനിതക വൈകല്യമുള്ളതാണ് ജനാധിപത്യം. സ്വയമേവ അതൊരു മതമല്ല. എന്നല്ല, അതിന് മതമേ ഇല്ല. ശുദ്ധ വായുവും വെള്ളവും വെളിച്ചവും തട്ടി സ്വതന്ത്രമായി വളരാൻ അതിന് കെൽപില്ല. ആഴ്ന്നിറങ്ങിയ വേരില്ലാത്തത് മാത്രമല്ല, ഉള്ള വേരുകൾതന്നെ ജന 'ആധിപത്യ'ത്തിൽനിന്നാണ് വളം വലിച്ചെടുക്കുന്നത്. ഇതൊരു ജീവിതസംസ്കാര മാതൃകയായാൽ എന്തായിരിക്കും സ്ഥിതി? ജനാധിപത്യത്തെ അപേക്ഷിച്ച് ഇസ്‌ലാമിന്റെ പൂർണത, അതിന്റെ ആന്തരിക സത്തയിൽ സ്ഥിതി ചെയ്യുന്നു.

വിവേകം, വിട്ടുവീഴ്ച, മാപ്പുകൊടുക്കൽ, പൊറുക്കൽ, ഭക്തി, ഭജനം, അധികാരം, സത്യം, സ്നേഹം, കാരുണ്യം, നീതി തുടങ്ങിയ ക്രിയാത്മക മൂല്യങ്ങളും നൈതിക മൂല്യങ്ങളും ഒരേ ഫ്രെയിമിൽ ഭംഗിയായി ഫിറ്റു ചെയ്ത് ഉൽപാദിപ്പിച്ചത് ഇസ്‌ലാമാണ്. ഇതിനെ നമുക്ക് മൂല്യങ്ങളുടെ മാതാവ് എന്നു വിളിക്കാം. ഏഴു നിറങ്ങളുടെയും അടിസ്ഥാനം പ്രകാശമായതുപോലെ സന്തുലിതമായ ഈ ഏക മൂല്യത്തിന്റെ വ്യത്യസ്തമായ ഭാവപ്രകടനം മാരിവില്ലു പോലെ മനോഹരമായ ഒരാവിഷ്കാരമാണ്.

ഒരു സമുദായത്തോട് ബന്ധപ്പെട്ട് കവിത രചിക്കുന്നതിനെ വിമർശിച്ച പാശ്ചാത്യ നിരൂപകനോട് അല്ലാമാ മുഹമ്മദ് ഇഖ്ബാൽ പറഞ്ഞു "എന്റെ ഏക ലോകത്തിന്റെ സാക്ഷാത്കാരത്തിനുതകുന്ന സാർവത്രികമായൊരു ആദർശം ഇസ്‌ലാം മാത്രമേയുള്ളൂ."

നോക്കൂ! കള്ളുകുടി, കൊള്ളയടി, പള്ളിപൊളി, പലിശ, ചൂതാട്ടം, കർഷകക്കൊല, വംശഹത്യ, ശുദ്ധീകരണം, ഘർവാപസി, സൗന്ദര്യമത്സരം, ഹോമോസെക്സ്, അധോലോകം, ഭീകരവേട്ട, അഴിമതി, സ്വജനപക്ഷപാതം... പോരേ! പുണ്യ ജലം പോലെ പവിത്രമാണെന്ന് തെറ്റിദ്ധരിക്കപ്പെട്ട ജനാധിപത്യത്തിന്റെ ഐ.എസ്.ഐമാർക്കുള്ള സാമ്പിൾ പ്രൊഡക്ടുകൾ! എഴുത്തുകാർ ജനാധിപത്യത്തെ പ്രാഥമികമായഒരനാട്ടമിക്കൽ പരിശോധന പോലും നടത്താതെ എങ്ങനെയാണ് മനോഹരമായ മെഡിക്കൽ റിപ്പോർട്ടുകൾ തയാറാക്കുന്നതെന്ന് മനസ്സിലാവുന്നില്ല!

മതത്തിന് ഏറ്റവും നന്നായി എൻഗേജ് ചെയ്യാൻ പറ്റിയ ഇടമുള്ളതാണ് ജനാ

ധിപത്യമെന്ന വസ്തുത മറച്ചുവെക്കാതെ തന്നെ ചോദിക്കട്ടെ: ഇസ്‌ലാമിന്റെ മിഴി വാർന്ന മഴവിൽ മൂല്യങ്ങളുടെ സമന്വയ സന്തുലിതത്വം ജനാധിപത്യത്തിന് സാധ്യമാണോ? ജനാധിപത്യത്തിന്റെ ഈറ്റില്ലങ്ങളിലുണ്ടായ വേലിയേറ്റ-വേലിയിറക്ക ചരിത്രത്തിനിടയിൽ ഇതിന് വല്ല തെളിവും ചൂണ്ടിക്കാണിക്കാൻ കഴിയുമോ?

മുന്നോട്ടുള്ള പോക്കിനെ പിന്നോട്ടാക്കുന്നതിന്റെ പേരല്ല ഫിഖ്ഹ്. അതത് കാലഘട്ടത്തിന്റെ ചാലകശക്തിയാകേണ്ട ഊർജതന്ത്രമാണത്. ചൂട്ട് കത്തിച്ച് നടന്ന നമ്മൾ മണ്ണെണ്ണ വിളക്കും മെഴുകുതിരിയും മാഗ്നറ്റിക് ടോർച്ചും ഉപയോഗിച്ചു. ഏത് ഇരുൾവഴിയിലൂടെയും പകലിലെന്ന പോലെ അന്നും ഇന്നും നാം സഞ്ചരിക്കുന്നു. എല്ലാ വിളക്കുകളിലും നാം കാണുന്നത് വെളിച്ചംതന്നെ. ബാറ്ററി ടോർച്ച് ഉപയോഗിക്കുന്നവൻ ചൂട്ടുകത്തിച്ച് നടക്കുന്നവനെ പരിഹസിക്കുക സ്വാഭാവികം. കർമശാസ്ത്രത്തിന്റെ പല ഘട്ടങ്ങളിലുമുള്ള സമീപനരീതികളുടെ മാറ്റത്തെ ഇതുമായി താരതമ്യപ്പെടുത്തിയാൽ കാര്യത്തിന്റെ കാമ്പ് എവിടെയാണെന്ന് പെട്ടെന്ന് പിടികിട്ടും.

കള്ളന് 'ചൂട്ട്' കാണിക്കുന്നതിന്റെയും 'ബ്രൈറ്റ് ലൈറ്റ്' തെളിച്ചു കൊടുക്കുന്നതിന്റെയും ഫലം ഒരുപോലെ അപകടകരമാണ്. അത് ക്ലാസിക്കൽ ഫിഖ്ഹിലായാലും മോഡേൺ ഫിഖ്ഹിലായാലും അമേരിക്കൻ ഫിഖ്ഹിലായാലും ഭാരതീയ ഫിഖ്ഹിലായാലും ശരി. വൈരുധ്യങ്ങൾ മാറ്റിനിർത്തി സ്കാൻ ചെയ്തു നോക്കിയാൽ ക്ലാസിക്കൽ ഫിഖ്ഹിന്റെ അടിസ്ഥാന സൂത്രവാക്യങ്ങൾ തന്നെയാണ് മഴവിൽ തിയറിക്കും കണ്ടന്റായി ഉപയോഗിച്ചതെന്നു കാണാം. പിന്നെങ്ങനെയാണ് ഫിഖ്ഹ് വഴിമുടക്കിയാവുന്നത്? ഇലാസ്തികതയുള്ള ഈ ഇൽമിനെ നാം ഇരുമ്പുലക്കയാക്കുന്നതെന്തിനാണ്?!

ഖുർആന്റെ ശാദ്വല തീരത്തേക്ക് നോക്കൂ.... ഹഖ്-ബാത്തിൽ, ഖൈർ-ശർറ്, ജന്നത്ത്-ജഹന്നം, ദുൻയാവ്-ആഖിറത്ത്, ഹിസ്ബുല്ല-ഹിസ്ബുശൈത്വാൻ, ഇസ്‌ലാം-ജാഹിലിയ്യത്ത്, തൗഹീദ്- ശിർക്ക്, ളാലിം-മള്‌ലൂം, ഇൽമ്-ഉന്ന്... ഈ ദ്വന്ദ്വാത്മക പ്രതീകങ്ങൾ ഇസ്‌ലാമിൽ എന്നെന്നേക്കുമായി അവസാനിച്ചുവെന്നാണോ പറയുന്നത്? അലീ ശരീഅത്തിയും മാർക്സും മൗദൂദിയും മൺമറഞ്ഞ് പോയെങ്കിലും 'ദ്വന്ദ്വാത്മകത' ഇന്നും എന്നും ജീവിച്ചിരിക്കുമെന്നതല്ലേ ശരി, ഖുർആൻ ഉള്ളേടത്തോളം കാലം....

ഈ ദ്വന്ദ്വാത്മകത അവസാനിപ്പിക്കുന്നു എന്നതിനർഥം, മതത്തെ ജനാധിപത്യം ഹൈജാക്ക് ചെയ്യുന്നുവെന്നാണ്. അഥവാ മതത്തിന്റെ വിപ്ലവ പ്രാപ്തി ഇല്ലാതാകുന്നുവെന്ന്. അങ്ങനെ വരുമ്പോൾ 'ഇതുതന്നെയാണ് ശരിയായ മതം' എന്ന തെറ്റായ വിന്യാസം ജനാധിപത്യ സുഖത്തിൽ ക്രമേണ ഉറച്ചുപോകാനും വിപ്ലവം ശീതീകരിക്കപ്പെട്ട് ഐസുകട്ടയാവാനും രക്തസാക്ഷ്യം എന്ന അമരത്വം അന്യംനിന്നു പോകാനുമുള്ള സാധ്യത ഏറെയാണ്.

ആദർശത്തിന്റെ ആന്തരാവയവങ്ങൾ മുറിച്ചുമാറ്റി, ആകെയുള്ള ഒരു നട്ടെല്ലും വലിച്ചൂരിയെറിഞ്ഞ് ജനാധിപത്യത്തിൽ അലിഞ്ഞ് ഇല്ലാതായാൽ ഭൂമിയിൽ ബാക്കിയുണ്ടാവുക മനുഷ്യക്കോലങ്ങളുള്ള ചില രൂപങ്ങൾ മാത്രമായിരിക്കും.

**സൽമ ഇസ്ഹാഖ് ആയഞ്ചേരി**

# പ്രവാചക ചരിത്രപംക്തി ആരംഭിക്കണം

**മലയാളത്തിൽ** പ്രസിദ്ധീകരിക്കപ്പെടുന്ന ഇസ്‌ലാമിക വാരികകളിൽ ഏറ്റവും മൂല്യാധിഷ്ഠിതവും സമകാലിക സമൂഹത്തിനു ഇസ്‌ലാമിനെ അവതരിപ്പിക്കുന്നതിൽ ഇതര മുസ്‌ലിം പ്രസിദ്ധീകരണങ്ങൾക്ക് അനുകരണീയ മാതൃകയുമാണ് *പ്രബോധനം.* ഇതര സംഘടനകളുടെ ചിന്താഗതികളെയും സംഘടനാ കലഹങ്ങളെയും വിമർശിക്കുമ്പോൾ

പോലും ഇസ്‌ലാമിക പരിധിയിൽ മാത്രം ഒതുങ്ങിക്കൊണ്ടുള്ള ശൈലിയാണ് പ്രബോധനത്തിന്റേത്.

ഖുർആൻ വ്യാഖ്യാനത്തിനു *പ്രബോധനം* നൽകുന്ന സേവനം അഭിനന്ദനാർഹമാണ്. *തഫ്ഹീമുൽ ഖുർആനി*നുശേഷം *ഖുർആൻ ബോധനം* എന്ന സ്വതന്ത്ര വ്യാഖ്യാനം മലയാളികൾക്കു ഖുർആൻ പഠനത്തിന് വേദിയൊരുക്കുന്നു.

ചരിത്ര പഠനത്തിലും ഗവേഷണത്തിലും മലയാളികൾ പൊതുവെ പിന്നിലായത് ചരിത്രത്തോടുള്ള വിമുഖത കൊണ്ടല്ല. അതിനുള്ള അവസരം മലയാളത്തിൽ കുറവായതുകൊണ്ടാണ്. പ്രവാചക ചരിത്രം മനസ്സിലാക്കാൻ മതിയായ മികച്ച ഗ്രന്ഥങ്ങൾ ഇനിയും മലയാളത്തിൽ ഉണ്ടായിട്ടില്ല. ഈജിപ്തിലെ മുഹമ്മദ് ഹുസൈൻ ഹൈക്കലിന്റെ 'ഹയാതു മുഹമ്മദി'ന്റെ മലയാള വിവർത്തനമാണ് ആകെ മലയാളത്തിന് അവകാശപ്പെടാനുള്ളത്.

അതിനാൽ മലയാളികൾക്കുവേണ്ടി പ്രവാചക ചരിത്രത്തെ സമഗ്രവും ഗഹനവുമായ വിധത്തിൽ അവതരിപ്പിക്കാൻ പ്രബോധനം വാരിക ഉടൻതന്നെ ഒരു ചരിത്ര പംക്തി ആരംഭിക്കേണ്ടതുണ്ട്. പ്രവാചകനെയും ഇസ്‌ലാമിക ശരീഅത്തിനെയും വികലമായി മനസ്സിലാക്കാൻ മാത്രം അവസരം കിട്ടിയ അമുസ്‌ലിംകളെയും മതനിരാസത്തിന്റെ വിഷം വഹിക്കുന്ന മുസ്‌ലിം നാമധാരികളെയും പ്രവാചക ചരിത്രത്തെ ഐതിഹ്യകഥകൾകൊണ്ട് മലിനമാക്കിയ യാഥാസ്ഥിതികരെയും ആ ചരിത്രപംക്തി സ്വാധീനിക്കാതിരിക്കില്ല. ചുരുങ്ങിയത് സയ്യിദ് സുലൈമാൻ നദ്‌വി പൂർത്തീകരിച്ച സീറത്തുന്നബിയുടെ വിവർത്തനമെങ്കിലും പ്രസിദ്ധീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ഉസ്മാൻ കലന്തൻ ഊരകം**

# തിന്മകൾക്കെതിരെ പ്രതികരിക്കരുതെന്നോ?

**സ്വവർഗ** ലൈംഗികതയെക്കുറിച്ച സുപ്രീം കോടതിവിധിയുടെ പശ്ചാത്തലത്തിൽ വന്ന ജമീൽ അഹ്മദിന്റെ പ്രതികരണമാണ് (ലക്കം 17) ഇതെഴുതാൻ പ്രേരകം. അതിലെ ഉദാഹരണങ്ങളും സമർഥിക്കാനുദ്ദേശിക്കുന്ന കാര്യങ്ങളും കൂടുതൽ വിവാദത്തിനാണ് തിരികൊളുത്തുക. വിഷയത്തെ സന്തുലിതമായി നേരിടുന്നതിൽ ലേഖനം വിജയിച്ചുവെന്നു പറഞ്ഞുകൂടാ.

ലേഖകൻ എഴുതുന്നു: "ഏത് കോടതി നിയമവിധേയമാക്കിയാലും മദ്യപിക്കാതിരിക്കാനാവുന്ന ഒരു വിശ്വാസിക്ക് സ്വവർഗരതിയും തന്നെ ബാധിക്കുന്നതല്ല എന്ന് സമാധാനിക്കാനാവും. കോടതി അനുവദിച്ചതു കൊണ്ട് ഇനിമേൽ സ്വവർഗാനുരാഗിയായി കളയാം എന്ന് ആരെങ്കിലും തീരുമാനിക്കുമെന്ന് തോന്നുന്നില്ല" എന്താണാവോ ഇതിനർഥം? വിശ്വാസികൾ മദ്യപന്മാരാവില്ല എന്നതിനാൽ ഇനി മുതൽ മദ്യത്തിനെതിരെ ഒന്നും ചെയ്യേണ്ടതില്ല എന്നാണോ? വിശ്വാസികൾ എന്തായാലും വ്യഭിചരിക്കുകയില്ല എന്നതിനാൽ സർക്കാർ അംഗീകൃത വ്യഭിചാരശാലകൾ റേഷൻ ഷോപ്പുകൾ പോലെ നാട്ടിൽ വന്നുകൊള്ളട്ടെ എന്നാണോ? വിശ്വാസികൾ ചെയ്യുകയില്ല എന്ന് വിശ്വസിച്ച് എല്ലാ തിന്മകളും പെറ്റു പെരുകട്ടെ എന്നോ? തിന്മ ചെയ്യാതിരിക്കേണ്ടത് വിശ്വാസികൾ മാത്രമാണ് എന്നാരാണ് പറഞ്ഞത്? 'മനുഷ്യസമൂഹത്തിനു വേണ്ടി നിലകൊള്ളുന്നവരാണ് നിങ്ങൾ' എന്നാണ് ഖുർആൻ പറഞ്ഞത്. 'സ്വവർഗരതി തന്നെ ബാധിക്കില്ലെന്ന് കരുതി സമാധാനിച്ചാൽ മതി' എന്ന നിർദേശം ഇസ്‌ലാമികമോ? എങ്കിൽ ദുനിയാവിൽ നടമാടുന്ന ഏത് വൃത്തികേടും നമുക്ക് 'സമാധാനിച്ച്' ഇരിക്കാൻ മാത്രമേയുള്ളൂ. വിശ്വാസിയുടെ മുന്നിൽ തിന്മകൾ കുന്നുകൂടിയാലും ആരും അങ്ങോട്ട് തിരിഞ്ഞു നോക്കേണ്ടതില്ല എന്ന മിഥ്യാധാരണ സൃഷ്ടിക്കുന്നത് അപകടമാണ്. സാഹചര്യങ്ങൾ ജനങ്ങളെ വഴിപിഴപ്പിക്കുമെന്നത് അനിഷേധ്യമായ യാഥാർഥ്യമാണ്. ഏതായാലും ന്യായങ്ങളുടെ പുൽക്കൊടിയിൽ കടിച്ചുതൂങ്ങി തിന്മക്കെതിരെയുള്ള ചുവടുവെപ്പുകൾ വൃഥാവിലാക്കരുത്.

**സി. മുഹമ്മദ് കോയ പാലാഴി**

# റീഡേഴ്സ് ഫോറങ്ങൾ രൂപീകരിക്കണം

*പ്രബോധനം* വാരികയുടെ അറുപതാം വാർഷികത്തിൽ ചില വിശേഷങ്ങൾ കുറിക്കുന്നു. നാട്ടിലെ സി.പി.ഐ പ്രവർത്തകനായ ഒരു അമുസ്‌ലിം സുഹൃത്ത് ഒരിക്കൽ പറഞ്ഞു: "ഞാൻ പ്രബോധനം (66/16 ലക്കം) വായിച്ചു. പശ്ചിമ ബംഗാളിലെ കമ്യൂണിസ്റ്റ് ഭരണത്തിന്റെ പഴക്കവും പാരമ്പര്യവും പരാജയവും തിരിച്ചറിയാനുതകുന്നതാണ് 'മുർഷിദാബാദിൽനിന്നും കാരുണ്യം തേടി വീണ്ടും' എന്ന അതിലെ പരസ്യം. അത് വായിച്ചാൽ സഹൃദയരുടെ മനസ്സ് വേദനിക്കും. ജമാഅത്തെ ഇസ്‌ലാമി അവിടെ ചെയ്യുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾ മാതൃകാപരമാണ്."

അറുപതാം വാർഷികത്തെപ്പറ്റിയുള്ള ടി. ആരിഫലി സാഹിബിന്റെ ലേഖനവും ഒരുവർഷം നീളുന്ന പരിപാടികളെക്കുറിച്ച മുഖക്കുറിപ്പും വായിച്ചപ്പോൾ ജമാഅത്തെ ഇസ്‌ലാമിക്കാരനൊന്നുമല്ലാത്ത, *പ്രബോധനം* വായനക്കാരനായ എനിക്ക് വലിയ ആവേശം. ഒപ്പം പ്രാർഥനയും; പ്രബോധനം വാർഷിക പതിപ്പ് വായിക്കാൻ അനുഗ്രഹിക്കേണമേ. ഗ്രാമങ്ങൾതോറും, ഹൽഖകൾ കേന്ദ്രീകരിച്ചും വാർഷികാഘോഷ പരിപാടികൾ സംഘടിപ്പിക്കണം. *പ്രബോധനം* റീഡേഴ്സ് ഫോറത്തിനു രൂപം നൽകുകയും വായനക്കാരുടെ വേദിയിൽ പ്രബോധനത്തെക്കുറിച്ച് ചർച്ച സംഘടിപ്പിക്കുകയും ചെയ്യണം.

**പി. സൂപ്പി കുറ്റ്യാടി**

# നടുക്കുന്ന കവിത

**'പ്രതി' ബിംബങ്ങൾ** എന്ന കവിത (ലക്കം 17) ആഗോള ഇസ്‌ലാമോഫോബിയയുടെ ഇന്ത്യൻ 'പ്രതി'യാക്കപ്പെടലിന്റെ മനോഹരവും ഭീതിതവുമായ പരികൽപനയാണ്. കുറിക്കിയെടുത്ത വാക്കുകൾ കവിയുടെ തന്നെ വിഹ്വലതയെയും ഭീതിയെയും അന്യവത്കരിക്കപ്പെട്ട അസ്തിത്വത്തെയുമാണ് കുറിക്കുന്നത്. ഏതു നിമിഷവും അറുത്തു മാറ്റപ്പെടാവുന്ന കഴുത്തുമായി, ന്യായാന്യായങ്ങൾ ചോദിക്കാൻ അർഹതയില്ലാത്തവരായി അരക്ഷിതരായി കഴിയുന്ന ഒരു വിഭാഗത്തെയാണ് കവി വായനക്കാരന്റെ മുമ്പിൽ കൊണ്ടുവന്ന് നിർത്തുന്നത്. 'അന്യഭാഷകൾ മിണ്ടിപ്പറയാനറിയാം.../ മുറതെറ്റാതെ അനുഷ്ഠാന പ്രാർഥനകൾ/ മുണ്ട് പൊക്കി നോക്കിയാൽ/ മുദ്രകൾ വേറെയുമുണ്ടവന്...'. കവിക്കും *പ്രബോധന*ത്തിനും അഭിനന്ദനങ്ങൾ.

**നാജിദാ ബാനു ആദിരാജ കണ്ണൂർ**

# ബുദ്ധിജീവികൾ പ്രതികരിക്കാത്തതെന്ത്?

**മനസ്സും** ശരീരവും മരവിച്ചു പോകുന്ന തരത്തിലാണ് കൂട്ട ആത്മഹത്യകളുടെയും അപകട മരണങ്ങളുടെയും വാർത്തകൾ. ഒരു ദുർബല നിമിഷത്തിൽ നടക്കുന്ന ആത്മഹത്യകളും, അശ്രദ്ധയിലും ഓവർ സ്പീഡിലും മദ്യലഹരിയിലും സംഭവിക്കുന്ന വാഹനാപകടങ്ങളും പ്രബുദ്ധ കേരളത്തിന് നാണക്കേടാണ്. ഒറ്റപ്പെട്ട ആത്മഹത്യകൾ ഇപ്പോൾ കൂട്ട ആത്മഹത്യകളിൽ എത്തിനിൽക്കുന്നു. ഇത്രയധികം കൂട്ട ആത്മഹത്യകൾ എന്തുകൊണ്ട് എന്ന് സാക്ഷരതയിൽ മുന്നിൽ നിൽക്കുന്ന കേരളം ചിന്തിക്കുന്നില്ല. പ്രശ്നങ്ങൾക്ക് ആത്മഹത്യ പരിഹാരമല്ലെന്ന് ബോധ്യപ്പെടുത്തേണ്ടത് സാംസ്കാരിക പ്രവർത്തകരുടെ ബാധ്യതയാണ്. പലിശ, കടക്കെണി, കുടുംബ കലഹം, സ്ത്രീധന പീഡനം, വിദ്യാഭ്യാസ പ്രശ്നങ്ങൾ, അണുകുടുംബം, അഭിമാനക്ഷതം, പൊങ്ങച്ചം, സന്താനനഷ്ടം, മാറാരോഗങ്ങൾ, ഏകാന്തത, പ്രേമ നൈരാശ്യം തുടങ്ങി എണ്ണിയാലൊടുങ്ങാത്ത പ്രശ്നങ്ങളാണ് മുന്നിലുള്ളത്. വർധിച്ചുകൊണ്ടിരിക്കുന്ന ആത്മഹത്യകളെ ഗൗരവത്തിലെടുക്കാതെ നിസ്സാരമായി തള്ളിയതാണ് അവ

കൂട്ട ആത്മഹത്യകളായി പരിണമിക്കാനുള്ള കാരണം. ബുദ്ധിജീവികളും മതപണ്ഡിതന്മാരും രാഷ്ട്രീയ പാർട്ടികളും പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമം നടത്തിയിരുന്നെങ്കിൽ ഇത്രയധികം ആത്മഹത്യകൾ കേരളത്തിൽ നടക്കില്ലായിരുന്നു.

ഏറെ ബുദ്ധിമുട്ടിലും പ്രതിസന്ധിയിലും കഴിയുന്ന കുടുംബങ്ങളുടെ സംരക്ഷണത്തിനായി ഭരണകൂടവും സന്നദ്ധ സംഘടനകളും മതസംഘടനകളും സാമൂഹിക സാംസ്കാരിക നായകന്മാരും അടിയന്തരമായി പരിഹാരം കാണേണ്ടതുണ്ട്. യുദ്ധകാലാടിസ്ഥാനത്തിൽ ഒരു തീവ്ര ശ്രമവും ഇപ്പോൾ ആവശ്യമായി വന്നിരിക്കുകയാണ്.

**നേമം താജുദ്ദീൻ തിരുവനന്തപുരം**

## കർഷക രക്ഷക്ക് സകാത്ത്

കടംകൊണ്ടു വലയുന്ന ദരിദ്രരായ കേരകർഷകരുടെ അഭിവൃദ്ധിക്ക് സകാത്ത് ഫണ്ടിൽനിന്ന് വിഹിതം നൽകണം. അഭിമാനബോധംകൊണ്ട് സകാത്ത് സ്വീകരിക്കാൻ മടിക്കുന്ന ലക്ഷക്കണക്കിന് കേരകർഷകരുണ്ട്. ഇവരെ സഹായിക്കാൻ സകാത്ത് ഫണ്ട് ഉപയോഗിക്കണം. പൊതിച്ച തേങ്ങക്ക്, കച്ചവടക്കാർ നൽകുന്നത് കിലോവിനു എട്ടു രൂപയാണ്. ഓരോ ഗ്രാമത്തിലുമുള്ള സകാത്ത് കമ്മിറ്റികൾ സംഭരിക്കുന്ന ലക്ഷക്കണക്കിനു രൂപയിൽനിന്നും ഒരു വിഹിതം കമ്മിറ്റികളുടെ മേൽനോട്ടത്തിൽ തേങ്ങാക്കച്ചവടക്കാർക്കു നൽകുകയും അവർ എട്ടുരൂപക്കു പകരം പന്ത്രണ്ടുരൂപാ നിരക്കിൽ കർഷകർക്കു നൽകി പൊതിച്ച തേങ്ങ സംഭരിക്കുകയും ചെയ്താൽ തേങ്ങ ഒന്നിനു ശരാശരി ഏഴുരൂപ കർഷകനു ലഭിക്കും. ഒരുവർഷംകൊണ്ട് ധാരാളം കർഷകർക്ക് സകാത്ത് നൽകാനുള്ള ശേഷി കൈവരിക്കാനും കഴിയും. സകാത്ത് കമ്മിറ്റികൾക്കുതന്നെ ഇത്തരം കച്ചവടം നടത്താവുന്നതുമാണ്. നൂറുകണക്കിന് ഗ്രാമങ്ങളിൽ സകാത്ത് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. സലഫി, സുന്നി, ജമാഅത്ത് സംഘടനാ പ്രവർത്തകർ ഏകോപിച്ചു ഒരു സംഖ്യ ഇത്തരത്തിൽ കേര കർഷകരെ കടക്കെണിയിൽനിന്ന് രക്ഷിക്കാൻ ചെലവഴിച്ച് കർഷകരെ കൈപിടിച്ചുയർത്താൻ ശ്രമിക്കേണ്ടതാണ്.

**കെ. മൊയ്തീൻകോയ ശിവപുരം**

## അറബിക്കോളേജുകളോ?

**കേരളത്തിൽ** ഇസ്ലാമിക ശരീഅത്ത് പഠിക്കാൻ സ്ഥാപിക്കപ്പെട്ട ഇസ്ലാമിക കലാലയങ്ങളെ സംഘടനാ ഭേദമന്യേ അറബിക്കോളേജുകൾ എന്നാണ് വിളിക്കുന്നത്. അറബി ഭാഷയിലുള്ള ക്ലാസിക്കൽ ഗ്രന്ഥങ്ങളാണ് പ്രധാനമായും അവയിലെ സിലബസിലുള്ളതെങ്കിലും അറബി മീഡിയത്തിൽ പ്രവർത്തിക്കുന്നവയല്ല ഇത്തരം 'അറബിക്കോളേജുകൾ.'

അറബിഭാഷയും സാഹിത്യവും പ്രാധാന്യത്തോടെ പഠിപ്പിക്കുന്ന കലാലയങ്ങൾക്കേ അറബിക്കോളേജുകൾ എന്ന നാമകരണം അനുയോജ്യമാവുകയുള്ളൂ. മതധാർമിക പഠനത്തിന് മാത്രം അറബി ഭാഷയെ ആശ്രയിക്കുന്ന നമ്മുടെ കലാലയങ്ങൾക്ക് ഇസ്ലാമിയാ കോളേജ് എന്നോ ശരീഅത്ത് കോളേജ് എന്നോ പറയുന്നതാണ് ശരി. ഒറ്റപ്പെട്ട ചില സ്ഥാപനങ്ങൾ ഈ ഗണത്തിലുണ്ടെന്നതു മറക്കുന്നില്ല. ഇംഗ്ലീഷിൽ എഞ്ചിനീയറിംഗ് പഠിക്കുന്ന കലാലയങ്ങളെ ഇംഗ്ലീഷ് കോളേജ് എന്ന് വിളിക്കാറില്ലല്ലോ. അറബി സാഹിത്യത്തിനു ഇത്തരം അറബിക്കോളേജിൽ നിന്നിറങ്ങുന്നവരുടെ സംഭാവന എത്രമാത്രമുണ്ടെന്നതും ചിന്തിക്കേണ്ടതുണ്ട്.

ലക്നോവിലെ നദ്വത്തുൽ ഉലമ പോലെ അറബി പഠനത്തിനു പ്രാധാന്യം നൽകുന്ന സ്ഥാപനങ്ങൾ കേരളത്തിൽ ഒരു സംഘടനക്കും അവകാശപ്പെടാനോ ഉണ്ടാക്കാനോ കഴിഞ്ഞിട്ടില്ല. അത്തരം സ്ഥാപനങ്ങളുടെ അഭാവംകൊണ്ട് തന്നെയാണ് ലോക അറബി സാഹിത്യത്തിനു സംഭാവന നൽകാൻ കേരളത്തിൽനിന്ന് കാര്യ

മായി ഒരാളും ഉണ്ടാവാതിരുന്നത്. വൈക്കം മുഹമ്മദ് ബഷീർ 'ന്റുപ്പൂപ്പാക്ക് ഒരു ആനണ്ടാർന്നു' എന്ന് പറഞ്ഞപോലെ പൂർവികരുടെ ഫത്ഹുൽ മുഈനും മറ്റും കണ്ടിരിക്കാനേ കേരളീയർക്ക് തരമുള്ളൂ. അലീമിയാന്റെ 'മദാ ഖസിറൽ ആലം...' എന്ന വിഖ്യാത ഗ്രന്ഥം അറബ് ലോകത്തെ വിസ്മയിപ്പിക്കുമ്പോഴും നമ്മുടെ പള്ളി മൂലകളിലും കോളേജുകളിലും തർക്കശാസ്ത്രത്തിന്റെയും ഫിഖ്ഹിന്റെയും മസ്അലകൾ മനഃപാഠമാക്കുകയാണ്. ഒരു വിലയുമില്ലാത്ത സനദ് വാരിവിതറാനാണ് 'അറബിക്കോളേജു'കൾ മത്സരിക്കുന്നത്.

**കെ. അഹ്മദ് സാബിഖ് ഊരകം**

## തുറന്ന സംവാദങ്ങൾ

**ഞാൻ** ജോലി ചെയ്യുന്ന ഒരു പ്രമുഖ ഇസ്‌ലാമിക സ്ഥാപനത്തിന്റെ സിൽവർ ജൂബിലി ആഘോഷവുമായി ബന്ധപ്പെട്ട് ഒരു മതസൗഹാർദ സംഗമം നടത്താൻ തീരുമാനിച്ചു. പ്രസ്തുത പരിപാടിയിൽ ശൈഖ് മുഹമ്മദ് കാരകുന്നിനെ പങ്കെടുപ്പിക്കാമെന്ന അഭിപ്രായം പറഞ്ഞെങ്കിലും അതു നടന്നില്ല. പകരം, അന്നു കേരളത്തിൽ വാഗ്വാദ സംഗമങ്ങളിൽ നിറഞ്ഞുനിന്നിരുന്ന പ്രമുഖ പണ്ഡിതനെയാണ് സംഘാടകർ ക്ഷണിച്ചത്.

പരിപാടിയിൽ സംസാരിക്കാമെന്നേറ്റ കോഴിക്കോട്ടെ പ്രമുഖനായ ഹിന്ദു പണ്ഡിതൻ തുടക്കത്തിൽ തന്നെ പറഞ്ഞതിങ്ങനെ:

"ഇത്തരം പരാപാടികൾക്ക് പങ്കെടുക്കാൻ എനിക്ക് താൽപര്യം കുറവാണ്. ഇവിടെ ഞാൻ ശൈഖ് മുഹമ്മദിനെയാണ് പ്രതീക്ഷിച്ചത്. അതിനാലാണ് ഞാൻ വന്നതും. അദ്ദേഹത്തിന്റെ സംസാരം പലപ്പോഴും ഞാൻ ആസ്വദിച്ചിട്ടുണ്ട്. ഇസ്‌ലാമിനെ ഒരു തേൻമഴപോലെ അദ്ദേഹം ഹൃദയങ്ങളിലേക്ക് പെയ്തിറക്കും. അത് വല്ലാത്തൊരനുഭവമാണ്. പക്ഷേ മറ്റു പല വേദികളിലും എന്നെ പരാജയപ്പെടുത്തി കീഴ്പ്പെടുത്തുന്ന രീതിയിലുള്ള അവതരണമാണ് ഉണ്ടാവാറുള്ളത്. അതുകൊണ്ട് അത്തരം വേദികൾ ഞാനൊഴിവാക്കാറാണ് പതിവ്."

ഇതുകേട്ട് തരിച്ചിരുന്നുപോയി. സഹോദര സമുദായ പണ്ഡിതന്മാരെ വിളിച്ചുവരുത്തി ആൾക്കൂട്ടത്തിനു മുമ്പിൽ വെച്ച് തോൽപിച്ചു വിടുന്ന രീതി മൂലം തുറന്ന സംവാദങ്ങളുടെ വാതിലുകൾ തന്നെ കൊട്ടിയടക്കപ്പെടുകയാണ്.

**പി.സി മുഹമ്മദ്കുട്ടി തിരുത്തിയാട്**

## മഴവിൽ സമൂഹം

**വൈക്കം** മുഹമ്മദ് ബഷീറിന്റെ 'ഭൂമിയുടെ അവകാശികൾ' എന്ന പുസ്തകം പാമ്പും തേളും കോഴിയും മനുഷ്യരുമുൾപ്പെടെ എല്ലാവർക്കും ഭൂമിയിൽ അവകാശമുണ്ടെന്ന് സമർഥിക്കുന്നതാണ്.

മനുഷ്യൻ സങ്കുചിത നിലപാടിലേക്ക് ചുരുങ്ങുന്നതിനുപകരം അല്ലാഹുവിന്റെ വിശാല നിലപാടിലേക്ക് ഉയരുകയാണ് വേണ്ടത്. ഇസ്‌ലാമിക രാഷ്ട്രത്തിന് കീഴിൽ സുരക്ഷിതമായി എഴുതിയുണ്ടാക്കിയ ഫിഖ്ഹുകളിലാണ് മുസ്‌ലിം ലോകം ഇന്നും നിലകൊള്ളുന്നത്. വായനയില്ല, ഭാവനയില്ല, സ്വപ്നങ്ങളില്ല. ചിന്തിക്കാൻ പോലും ഭയപ്പെടുന്നു. ഇതാണ് ഇന്നത്തെ മുസ്‌ലിം സമൂഹം. ഭാവനകൾ ദൃശ്യവത്കരണത്തിൽ ചുരുങ്ങിപ്പോയിരിക്കുന്നു. പ്രവാചകന്റെ വലുപ്പം ഫോട്ടോയുടെ നാലു അതിരുകളിൽ പരിമിതിപ്പെടുത്തി സങ്കുചിതമാക്കാൻ അദ്ദേഹം സമ്മതിക്കാതിരുന്നതിന്റെ പൊരുൾ ഇവിടെ നാം തിരിച്ചറിയുന്നു.

**കെ.കെ ബഷീർ അൽഐൻ**

# ഖുർആനെ അടുത്തറിയാൻ

**ജമാഅത്തെ** ഇസ്‌ലാമി കോഴിക്കോട് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച ഖുർആൻ പ്രശ്നോത്തരി അത്യന്തം ആവേശം നിറഞ്ഞതായിരുന്നു. ജമാഅത്തെ ഇസ്‌ലാമി നാദാപുരം ഏരിയ ഓർഗനൈസർ സി.കെ അബ്ദുല്ല മാസ്റ്ററുടെ സ്നേഹപൂർവമായ നിർബന്ധത്തിനു വഴങ്ങിയാണ് ഞാൻ പ്രശ്നോത്തരിയിൽ പങ്കെടുത്തത്. ജില്ലാ തലത്തിൽ നടന്ന മത്സരം കടുത്തതായിരുന്നു. ഖുർആന്റെ അവസാന 39 അധ്യായങ്ങളെ സംബന്ധിച്ച് ഏതാണ്ട് സർവകാര്യങ്ങളും ഹൃദിസ്ഥമാക്കിക്കൊണ്ടാണ് മത്സരാർഥികൾ എത്തിയത്. നേരത്തെ രണ്ടുപ്രാവശ്യം ഏരിയാ തലത്തിൽ നടന്ന പ്രശ്നോത്തരികളിൽ ഒന്നാംസ്ഥാനം ലഭിച്ചിട്ടുണ്ടെന്ന ആത്മവിശ്വാസത്തിലെത്തിയ എനിക്ക് ഇത്തവണ ശക്തമായ മത്സരമാണ് നേരിടേണ്ടിവന്നത്. ആകെ ചോദിച്ച 29 ചോദ്യങ്ങളിൽ 27 ചോദ്യങ്ങൾക്കും ഉത്തരം നൽകിയ ആൾ ഒന്നാം സ്ഥാനം നേടിയപ്പോൾ 26 ശരിയുത്തരമെഴുതിയ എനിക്ക് രണ്ടാംസ്ഥാനം കൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. സ്ത്രീകളുടെ പങ്കാളിത്തമാണ് ശ്രദ്ധേയമായ മറ്റൊരു കാര്യം. പുരുഷന്മാരെപ്പോലെ സ്ത്രീകളും അതീവഗൗരവത്തോടെയാണ് പ്രശ്നോത്തരിയെ സമീപിച്ചത്. ഇസ്‌ലാമിനെക്കുറിച്ച് സാമാന്യജ്ഞാനം എല്ലാ മത്സരാർഥികൾക്കുമുണ്ടായിരുന്നു. മുഹമ്മദ് നബിയുടെ കാലത്തെ അറേബ്യയുടെ ചരിത്ര പശ്ചാത്തലം സംബന്ധിച്ചു ധാരണയുണ്ടായിരുന്നു. പങ്കെടുത്ത 41 പേരിൽ ചുരുക്കം ചിലർക്ക് മാത്രമേ 20ൽ താഴെ മാർക്ക് ലഭിച്ചുള്ളൂ എന്നത് ഇതിന് തെളിവാണ്. മാത്രമല്ല, മൂന്നാം സ്ഥാനത്ത് ആറ് പേരുണ്ടായിരുന്നു. സഹോദരസമുദായങ്ങൾക്ക് ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കുന്നതിൽ ഖുർആൻ പ്രശ്നോത്തരി വിജയം തന്നെയാണ്.

**വിനോദ്കുമാർ എടച്ചേരി**

# ഇഫ്താറുകളോ ഈദ് സംഗമങ്ങളോ?

**'ഇഫ്താറുകളിൽ** സംഭവിക്കേണ്ടത്' എന്ന പ്രതികരണമാണ് (ലക്കം 15) ഈ കുറിപ്പിന് പ്രേരകം. വിവിധ വിഭാഗങ്ങൾ
ക്കിടയിൽ സ്നേഹസഹോദര്യങ്ങളുടെ സമൃദ്ധഭാവങ്ങൾ മേളിക്കുന്ന ഹൃദ്യസംഗമങ്ങളൊരുക്കാൻ ഏറ്റവും അനുയോജ്യം ആഘോഷസുദിനങ്ങളാണ്. ഈദ് ദിനങ്ങളോടനുബന്ധിച്ച് ഇത്തരം സംഗമങ്ങളും സമൂഹസദ്യയും സംഘടിപ്പിക്കാൻ കഴിയുമെന്നിരിക്കെ വ്രതനാളുകളെ ഇതിനുവേണ്ടി ഉപയോഗപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെന്താണ്? ഈദ് ദിനത്തിൽ ഇത്തരം സംഗമങ്ങൾ നടത്തുന്നതിൽ എത്രകണ്ട് പ്രസക്തിയുണ്ടോ, അത്രതന്നെ അനൗചിത്യവും അന്തക്കേടും നിറഞ്ഞതാണ് ഇഫ്ത്വാർ പാർട്ടികൾ എന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ട്.

ഒരുവിഭാഗമാളുകൾ അന്നപാനീയങ്ങളുപേക്ഷിച്ച് പകലന്തിയോളം വ്രതമനുഷ്ഠിച്ച് അതിന്റെ സ്വാഭാവികമായ വിരാമം കുറിച്ച് ഭക്ഷണം കഴിക്കുമ്പോൾ വ്രതമനുഷ്ഠിക്കാത്തവരെ പങ്കെടുപ്പിച്ച് സദ്യയും വിഭവങ്ങളുമൊരുക്കുന്നതിൽ അനൗചിത്യമുണ്ട്. (റമദാനിൽ വ്രതമനുഷ്ഠിക്കുന്ന പതിവുള്ള ടി.എൻ പ്രതാപൻഎം.എൽ.എ ഈയിടെ ഈ അനൗചിത്യത്തെക്കുറിച്ച് പറഞ്ഞത് ശ്രദ്ധേയമാണ്) ഇതിന് പുറമേ ശ്രദ്ധിക്കേണ്ട മറ്റൊരു വസ്തുതയുണ്ട്. പൈദാഹങ്ങളുമായോ ത്യാഗസന്നദ്ധതയുമായോ അല്ല; ഭക്ഷ്യധാരാളിത്തവുമായും ഉപഭോഗത്വരയുമായും റമദാൻ വ്രതത്തെ ബന്ധപ്പെടുത്തുന്ന സങ്കടകരമായ പ്രവണത പൊതുസമൂഹത്തിലുണ്ട്. മുസ്‌ലിം സമൂഹത്തിലെ വലിയൊരു വിഭാഗത്തിന്റെ കാലങ്ങളായുള്ള ചെയ്തീദോഷം തന്നെയാണതിന്റെ കാരണം. നോമ്പുമായി ബന്ധപ്പെട്ട് സഹോദര സമുദായാംഗങ്ങളുമായുള്ള സംഭാഷണങ്ങളിൽ മുഖ്യമായും കേൾക്കേണ്ടിവരുന്നത് നോമ്പുതുറയിലെ ഭക്ഷ്യവൈവിധ്യങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളും അന്വേഷണങ്ങളുമാണ്. തങ്ങളുടെ അരവണയും പാൽപായസവും മറ്റു നൈവേദ്യങ്ങളും പോലെ മുസ്‌ലിംകൾക്ക് മതപരമായി പരി

പാവനമായതാണ് മാംസംകൊണ്ടും മറ്റുമുള്ള പലഹാരങ്ങളെന്ന് ധരിച്ചുവശായവർ സമൂഹത്തിൽ ധാരാളമുണ്ട്. ദൗർഭാഗ്യകരമായ അത്തരം പ്രവണതകളെയും ധാരണകളെയും ഒരർഥത്തിൽ അരക്കിട്ടുറപ്പിക്കുന്നവയാണ് നമ്മുടെ ഇഫ്ത്വാറുകൾ. അത് എത്ര ലളിതമാക്കാൻ ശ്രമിച്ചാലും പൊതുസമൂഹം ഇന്നേവരെ കാണാത്ത ഭക്ഷ്യവിഭവങ്ങളുടെ വേദികൾ തന്നെയാണ് ത്യാഗത്തിന്റെയും ലാളിത്യത്തിന്റെയും പാഠങ്ങൾ അഭ്യസിക്കേണ്ട പരിശുദ്ധ റമദാനിലെ ഇഫ്ത്വാർ പാർട്ടികൾ. അതിനാൽ ഭക്ഷ്യധൂർത്തിന് കുപ്രസിദ്ധമായ മലബാറിലെ വിവിധ പ്രദേശങ്ങളിലെങ്കിലും ഈ സംഗമങ്ങൾ ഒഴിവാക്കാൻ കഴിയണം. പകരം ഈദ് സംഗമങ്ങൾ വ്യാപകമായുണ്ടാവട്ടെ. നോമ്പുതുറയുടെ സമയത്തിന്റെ ക്ലിപ്തതയും പരിമിതികളും കാരണം സന്ദേശകൈമാറ്റത്തിനും സൗഹൃദ ഭാഷണങ്ങൾക്കും വേണ്ടത്ര സാവകാശം ലഭിക്കാത്ത അവസ്ഥയും ഈദ് സംഗമങ്ങളിലുണ്ടാവുകയില്ല.

**ഇബ്നു ഹാശിം മാഹി**

## തിരിച്ചടിയേറ്റ സർവേ

**ഇക്കഴിഞ്ഞ** ജൂണിൽ കേരളത്തിലെ ഒരു ഉൽപതിഷ്ണു സംഘടനയുടെ വെബ്സൈറ്റിൽ ഒരു സർവേ പ്രത്യക്ഷപ്പെട്ടു. 'മൗലാനാ മൗദൂദിയുടെ ചിന്തകൾ തീവ്രവാദത്തിന് പ്രേരകമായതായി കരുതുന്നുണ്ടോ?' എന്നതാണ് ചോദ്യം. 82 ശതമാനത്തിലധികം പേരും 'ഒരിക്കലുമില്ല' എന്ന ഉത്തരമാണ് നൽകിയത്. ആഗ്രഹിച്ചതിൽനിന്നും തികച്ചും വ്യത്യസ്തമായി, പ്രതികൂലമായ പ്രതികരണം ലഭിച്ചതിനാലാകാം, നിരാശരായി പ്രസ്തുത സർവേ വളരെ വേഗം അവസാനിപ്പിച്ച് അടുത്ത വിഷയത്തിലേക്ക് പ്രവേശിക്കുന്നതാണ് കാണാൻ കഴിഞ്ഞത്.

**ആർ. ഹുസൈൻ ദോഹ, ഖത്തർ**